12. ദീർഘകാലം അട്ടപ്പാടി മേഖലയിൽ പ്രവർത്തന പരിചയമുള്ള പാലക്കാട് ഡെപ്യൂട്ടി ഡി.എം.ഒ. ഡോ. പ്രഭുദാസിന്റെ സേവനം പൂർണ്ണമായും അവിടെ ലഭ്യമാക്കി.

13. 2.67 കോടി രൂപയുടെ പുതിയ പദ്ധതികൾക്കുകൂടി കേന്ദ്ര അനുമതി തേടി.

14. അട്ടപ്പാടി മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനും ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനും എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും രണ്ടുകോടി രൂപ അനുവദിച്ചു.

15. ഗുരുതരമായ പോഷകക്കുറവുള്ള മുലയൂട്ടുന്ന അമ്മമാരെയും, ഗർഭിണികളെയും കൂടെ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററിൽ (എൻ.ആർ.സി.) താമസിപ്പിച്ച് ആവശ്യമായ പരിരക്ഷ നൽകിവരുന്നു.

അട്ടപ്പാടിയിലെ ശിശുമരണം

4 (*87) ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ വർദ്ധിച്ച തോതിൽ പട്ടിക-ഗോത്രവർഗ്ഗ ശിശുമരണം തുടരുന്നതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കുമോ ;

(ബി) ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം നിഷ്ഫലമായിട്ടുണ്ടോ; കാരണങ്ങൾ അറിയിക്കുമോ ;

(സി) എന്തൊക്കെ അടിയന്തര/ഹ്രസ്വകാല/ദീർഘകാല പരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ഡി) മേൽ പശ്ചാത്തലത്തിൽ പ്രസ്തുത പരിപാടികളുടെ മേൽനോട്ടം മന്ത്രിതല സമിതിയെ ഏല്പിക്കാൻ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ,

(എ) ഉണ്ട്. അട്ടപ്പാടിയിൽ പട്ടികഗോത്ര ശിശുമരണത്തിന്റെ തോത് മുൻവർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞതായാണ് രേഖകൾ സൂചിപ്പിക്കുന്നത്. ഇത് സർക്കാർ നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും ശ്രമഫലമായിട്ടാണ്.

കോട്ടത്തറ ആശുപത്രിയിൽ നവജാത ശിശു തീവ്രപരിചരണ വിഭാഗം ആരംഭിക്കുന്നതിനും തൂക്കംകുറഞ്ഞ വിഭാഗം നവജാത ശിശുക്കളെ കിടത്തി ചികിത്സിക്കുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്. ഡോക്ടർമാർ, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവരെ നിയമിക്കുന്നതുവഴി മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ നൽകുവാനും സാധിച്ചു.

(ബി) അട്ടപ്പാടിയിലെ ശിശുമരണങ്ങളിൽ ഈ വർഷം കാര്യമായ കുറവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം (2013) പട്ടികവർഗ്ഗ വിഭാഗത്തിൽ 31 ശിശുമരണങ്ങളാണ് ഉണ്ടായത്. ഈ വർഷം ഇതുവരെ (നവംബർ 27) 13 മരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. ശിശുമരണങ്ങൾ കുറച്ചു കൊണ്ടുവരുവാനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് ചെയ്തുവരുന്നുണ്ട്.

ഗുരുതരമായ പോഷണക്കുറവുള്ള കുഞ്ഞുങ്ങളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ കാര്യമായ കുറവ് വന്നിട്ടുണ്ട്. ഇപ്പോൾ 69 കുട്ടികൾക്കാണ് ഗുരുതരമായ പോഷണക്കുറവുള്ളത്. കഴിഞ്ഞ വർഷം പ്രത്യേക പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ ഇവരുടെ എണ്ണം 299 ആയിരുന്നു.

ഫീൽഡുതല ആരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആരോഗ്യ ഉപകേന്ദ്രം, പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കോട്ടത്തറ ആശുപത്രി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കൂടുതൽ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുകയും, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുണ്ടായിരുന്ന രണ്ട് മൊബൈൽ യൂണിറ്റുകൾക്ക് പുറമേ 3 യൂണിറ്റുകൾ കൂടി ദേശീയ ആരോഗ്യ മിഷൻ വഴി ആരംഭിച്ച് ആദിവാസി ഊരുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്.

(സി) അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതിയിലെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളുവാനും ഉദ്ദേശിക്കുന്നു. ദീർഘകാലാടിസ്ഥാനത്തിൽ കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരത്തിന്റെ ആവശ്യകത, വ്യക്തി ശുചിത്വം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണം നൽകുന്നതിനും മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ പ്രാപ്തമാക്കുന്നതിനും ലക്ഷ്യമിടുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. ഡി. ദേവസ്സി : സർ, ബഹുമാനപ്പെട്ട മന്ത്രി എന്തൊക്കെ അവകാശവാദം ഉന്നയിച്ചാലും അട്ടപ്പാടിയിൽ ശിശുമരണങ്ങൾ ഇപ്പോഴും തുടർച്ചയായി നടക്കുകയാണ്. ഗവൺമെന്റ് സ്വീകരിച്ച നടപടികളൊന്നും ഫലപ്രദമാകുന്നില്ല. ആദിവാസികൾക്ക് അതിൽ തീരെ വിശ്വാസമില്ല. ബഹുമാനപ്പെട്ട മന്ത്രിമാർ ആദിവാസി കോളനികളിൽ ചെല്ലുമ്പോൾ ആദിവാസികൾ ഓടിമറയുകയാണ്. കേന്ദ്ര-സംസ്ഥാന മന്ത്രിമാർ നിരവധി പാക്കേജുകൾ പ്രഖ്യാപിക്കുമ്പോഴും 82 ആദിവാസി ശിശുക്കളാണ് രണ്ടുവർഷത്തിനിടെ മരണപ്പെട്ടത്. കഴിഞ്ഞ വർഷം പട്ടികവർഗ്ഗ ക്ഷേമത്തിനായി അനുവദിച്ചതിന്റെ 50 ശതമാനം ഫണ്ടും ലാപ്സാക്കി. ഈ വർഷം ഇതുവരെ ചെലവഴിച്ചത് 30 ശതമാനം മാത്രമാണ്. സംസ്ഥാന സർക്കാർ അനുവദിച്ച പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. കേന്ദ്രം അനുവദിച്ച ഫണ്ടുതന്നെ ട്രഷറി നിയന്ത്രണമെന്ന പേരിൽ തടഞ്ഞിരിക്കുകയാണ്. ഇത് ഫലപ്രദമായി നടപ്പാക്കാനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ആരോഗ്യ മേഖലയിൽ അടിയന്തരമായി എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, ആരോഗ്യ മേഖലയിൽ കേന്ദ്ര ഗവൺമെന്റ് നൽകിയ 4.33 കോടി രൂപയും ചെലവഴിച്ചു. അവിടെ 28 സബ്സെന്ററുകളുണ്ട്. അതിൽ 15 സബ്സെന്ററുകൾ പൂർത്തീകരിച്ചു. മൂന്നുമാസത്തിനുള്ളിൽ 13 സബ്സെന്ററുകൾ കൂടി പൂർത്തീകരിക്കും. ആരോഗ്യ വകുപ്പിലെ ഒരു ഫണ്ടും ലാപ്സായിട്ടില്ല. അതുമാത്രമല്ല ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും പാലക്കാട് ജില്ലയ്ക്ക് കൊടുക്കേണ്ടിയിരുന്ന തുക അട്ടപ്പാടിക്ക് മാത്രമായി കൊടുത്തിട്ടുണ്ട്. ഷോളയൂരിൽ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ (എൻ.ആർ.സി.) ഉണ്ട്. അവിടെ കുട്ടികളുടെയും അമ്മമാരുടെയും പോഷകാഹാരക്കുറവു കൊണ്ടാണ് മരണങ്ങൾ സംഭവിക്കുന്നതെന്ന് മനസ്സിലായതിന്റെ പശ്ചാത്തലത്തിൽ മൂന്ന് എൻ.ആർ.സി.-കൾ തുടങ്ങുകയും ചെയ്തു. കൂടാതെ ജെ.പി.എച്ച്.എൻ., ആശാ വർക്കേഴ്സ്, ജെ.എച്ച്.ഐ. എന്നിവരുടെ പ്രവർത്തനങ്ങൾ അവിടെ നടക്കുന്നുണ്ട്. അവിടെ ഇനിയും എൻ.ആർ.സി.-കളുടെ ആവശ്യം കൂടുതലായി ഉണ്ടെങ്കിൽ കോട്ടത്തറ ആശുപത്രിയിലും മറ്റു പല ആശുപത്രികളിലും തുടങ്ങുന്നതിനുവേണ്ടി അവിടത്തെ ആവശ്യം അനുസരിച്ചിട്ടുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. അതിനാവശ്യമായ

തുകയും അനുവദിക്കും. അവിടെ യാതൊരു ടഷറി നിയന്ത്രണമില്ല. മുഖ്യമന്ത്രി തന്നെ അക്കാര്യത്തെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്. അട്ടപ്പാടി മേഖലയുടെ വികസനത്തിനും അവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമ്പത്തികം ഒരു പ്രശ്നമാവുകയില്ല. നവംബർ 10-ന് ഞങ്ങൾ അവിടെപ്പോയപ്പോൾ രണ്ടുകോടി രൂപയാണ് അവിടത്തെ കാര്യങ്ങൾക്കു വേണ്ടി അനുവദിച്ചത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

ക്രമപ്രശ്നം

ഉപചോദ്യം ഒഴിവാക്കുന്നത് സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ചോദ്യോത്തരങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി ചോദ്യങ്ങൾ എഴുതി കൊടുക്കുമ്പോൾ അതിലുള്ള ഉപചോദ്യങ്ങൾ (പിരിവുകൾ) അനുവദിക്കുന്നതിനുള്ള മാനദണ്ഡം റൂൾ 36-ലാണ് പറയുന്നത്. ഞാൻ ചോദിക്കുന്ന ചോദ്യത്തിൽ എന്റെ പേരുണ്ടാകും. ചോദ്യം തയ്യാറാക്കി കൊടുത്തതിൽ രണ്ടാമത്തെ ചോദ്യം, അതായത് (ബി) പിരിവ് ഒഴിവാക്കി (സി) ആക്കിയാണ് ആ ചോദ്യം തയ്യാറാക്കിയിരിക്കുന്നത്. 2014 ജൂലൈ 2-ാം തീയതി സഭയിൽ വന്ന നക്ഷത്രചിഹ്നമിടാത്ത 5630-ാം നമ്പർ ചോദ്യത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോഷകാഹാരക്കുറവുമൂലം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല എന്ന് അന്ന് ഉത്തരം കിട്ടിയിരുന്നു. അതുസംബന്ധിച്ചിട്ടുള്ള ചോദ്യത്തിലെ (എ), (ബി), (സി) പിരിവുകളിൽ (ബി) ഒഴിവാക്കിയാണ് ചോദ്യം തയ്യാറാക്കിയത്. എന്തിനാണ് ഇങ്ങനെ ചെയ്തത് ; അത് ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടെയാണോ ; സാധാരണഗതിയിൽ ഇങ്ങനെ ചെയ്യാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് അധികാരമുണ്ട്. അങ്ങനെ ചോദ്യം ഒഴിവാക്കിയാൽ നിങ്ങളുടെ (ബി) ചോദ്യം സ്വീകാര്യമല്ല എന്ന് ആ ചോദ്യം ഉന്നയിച്ച മെമ്പറെ അറിയിക്കണ്ടേ ? ഇക്കാര്യം മെമ്പറെ അറിയിച്ചിട്ടുമില്ല. അങ്ങനെ വരുന്നത് ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ പ്രശ്നം ഉന്നയിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് പ്രത്യേകം ശ്രദ്ധിക്കാം. ഇത് സഭയിൽ ചർച്ച ചെയ്യാൻ പാടില്ല. അല്ലാതെ തന്നെ ശ്രദ്ധയിൽപ്പെടുത്തുകയും പരിഹാരമുണ്ടാക്കുകയും ചെയ്യേണ്ടതാണ്. അതിന് പരിഹാരമുണ്ടാക്കാം

LIBRARY ARCHIVES Kerala Legislative Assembly